# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
### തിരുവനന്തപുരം
## തുല്യതാ പത്താംതരം 'എ' ലെവൽ മാതൃകാ ചോദ്യങ്ങൾ
## മലയാളം

**പൊതു നിർദ്ദേശങ്ങൾ**
- ആകെ 10 ചോദ്യങ്ങളാണ് തന്നിരിക്കുന്നത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയതിനുശേഷമേ ഉത്തരമെഴുതാവൂ.
- ഓരോ ചോദ്യത്തിനും പ്രതീക്ഷിക്കുന്ന ഉത്തരത്തിന്റെ ദൈർഘ്യം ചോദ്യത്തിനൊപ്പം നൽകിയിട്ടുണ്ട്.
- സമയം പാലിച്ചുകൊണ്ട് ഉത്തരമെഴുതാൻ ശ്രമിക്കണം.

---

1. തലക്കെട്ട് നൽകുക.
'കാവ്യം ശ്രുതിമധുരം' എന്ന ഗദ്യപാഠത്തിന് മറ്റൊരു തലക്കെട്ട് നൽകുക. ആശയത്തിന് യോജിച്ചതാകണം. എന്തുകൊണ്ട് യോജിപ്പ് എന്നു കൂടി എഴുതുക. 2

2. എഡിറ്റ് ചെയ്യുക.
അധിക പദങ്ങളും ആവർത്തനങ്ങളും ഒഴിവാക്കി ഭാഷാഭംഗി വരുത്തി എഴുതണം.

വെള്ളത്തിൽ മുങ്ങിത്താഴുന്ന ചെറിയ രണ്ടു കുട്ടികളെ പുഴയിൽക്കണ്ട് രവി പെട്ടെന്ന് വേഗത്തിൽ വെള്ളത്തിലേക്ക് എടുത്തു ചാടി. നീന്തിച്ചെന്ന് ഒന്നിനെപ്പിടിച്ച് അതിവേഗം കരയിലേക്ക് തിരിച്ച് നീന്തി. രവി അത്യുച്ചത്തിൽ വിളിച്ചു കൂവി. ഏതാനും പേർ ഓടിയെത്തി. കുട്ടിയെ അവരെ ഏൽപ്പിച്ച് ഒലിച്ച് പോകുന്ന രണ്ടാമത്തെ കുട്ടിയെ പിടിക്കാൻ വീണ്ടും ചാടി. കുറെ ദൂരം നീന്തിപ്പോകേണ്ടിവന്നു. കുട്ടിയെപ്പിടിച്ചപ്പോഴേക്കും രവി ആകെ വല്ലാതെ കുഴങ്ങിയിരുന്നു. മറ്റൊരാൾ വലിയ കയറുമായി നീന്തി നീന്തി അരികിലെത്തിയതിനാൽ കുട്ടിയെ കൈമാറി. രവി എങ്ങനെയോ കരയ്ക്കെത്തിയെന്നേ പറയേണ്ടൂ. 5

3. ഒരു അനുമോദന പ്രസംഗം തയ്യാറാക്കുക. (ഒരുപുറം)
സംസ്ഥാന തുടർവിദ്യാഭ്യാസ കലോത്സവത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ച് ധാരാളം സമ്മാനങ്ങൾ നേടിയ പഠിതാവ് (സ്ത്രീ) നിങ്ങളുടെ വിദ്യാകേന്ദ്രത്തിലാണെന്ന് സങ്കൽപ്പിക്കുക. അവരെ അനുമോദിക്കാൻ ചേർന്ന സമ്മേളനത്തിൽ നിങ്ങൾ ഒരു പ്രസംഗം ചെയ്യുന്നു. ആ പ്രസംഗ രൂപം എഴുതുക. 8

4. കഥാപാത്ര നിരൂപണം ചെയ്യുക. (ഒരു പുറം)
മേളയിലെ നാളുകളിൽ മമ്മൂട്ടി വേഷമിട്ട വിജയൻ എന്ന കഥാപാത്രത്തിന്റെ പ്രകടനങ്ങൾ
അല്ലെങ്കിൽ
രാമായണകാവ്യഭാഗത്തിലെ മാരീചൻ
അല്ലെങ്കിൽ
പശ്ചാത്താപമേ പ്രാശ്ചിത്തത്തിലെ യേശുദേവൻ. 8

5. കവിതാവരികൾ വ്യാഖ്യാനിക്കുക. (അരപ്പുറം)

പൊന്നുഷസ്സിന്റെ കൊയ്ത്തിൽ നിന്നൂരി-
ച്ചിന്നിയകതിർ ചുറ്റും കിടക്കെ
മേവി കൊയ്ത്തുകാർ പുഞ്ചയിൽ ഗ്രാമ-
ജീവിത കഥാനാടകഭൂവിൽ.

അല്ലെങ്കിൽ

ജനിച്ചത് കാട്ടിലായിരുന്നു
ഒരു നായാടിയുടെ വായിൽ
വളർന്നത് മുക്കുവത്തിയുടെ കുടിലിലും 7

6. വിവർത്തനം ചെയ്യുക.

Helen Keller was born in Alabama, U.S.A. in 1880. When she was only 19 months old she became blind and deaf. A teacher called Anne Sullivan came into her life and taught her by communicating through her fingers. Under the able guidance of Mrs. Sullivan, Helen Keller began to speak and graduated with honours at Radcliff college in 1904. She published many books. Her life and her writings are a great source of inspiration and a testimony to the will and courage of human beings to overcome all handicaps. 20

7. ഒരു അനുഭവക്കുറിപ്പ് എഴുതുക. (ഒരുപുറം)

'സീരിയൽ തീർന്നു' എന്ന കഥാ ഭാഗത്തെ രാഘവൻ മാസ്റ്റർ നിങ്ങളായിരുന്നെങ്കിൽ ആ രംഗത്ത് എങ്ങനെ പെരുമാറും.

അല്ലെങ്കിൽ

ഒരു ഉത്തമ പത്രാധിപരുടെ പത്രധർമ്മം എന്തൊക്കെ?

അല്ലെങ്കിൽ

സ്വയം വസ്ത്രം അലക്കുകയും മുടിവെട്ടുകയും ചെയ്ത ഗാന്ധി 10

8. നോട്ടീസ് (ലഘുലേഖ) തയ്യാറാക്കുക. (അരപ്പുറം)

മഴക്കാല രോഗങ്ങളെ എങ്ങനെ തടയാം എന്ന വിഷയത്തെക്കുറിച്ച് നാട്ടിലെ വായനശാലയിൽ ആരോഗ്യബോധവൽക്കരണ ക്ലാസ്സ് നിങ്ങൾ നടത്തണം. അതിലേക്കുള്ള നോട്ടീസ്.

ഉള്ളടക്കത്തിൽ ഇതെല്ലാം വേണം. മഴക്കാലരോഗങ്ങൾ, തടയൽപ്രവർത്തനങ്ങളുടെ ആവശ്യകത, ഉദ്ഘാടനം - പഞ്ചായത്ത് പ്രസിഡന്റ്, അധ്യക്ഷൻ - വായനശാലാ പ്രസിഡന്റ്, ക്ലാസ്സെടുക്കുന്ന ഡോക്ടർ - എല്ലാവരും പങ്കെടുക്കണം. 10

9. ജോലിക്ക് ഒരു അപേക്ഷ തയ്യാറാക്കുക. (ഒരുപുറം)

ഏതെങ്കിലും സഹകരണ ബാങ്കിൽ പ്യൂൺ

അല്ലെങ്കിൽ

പത്രമാഫീസിലെ സെക്യൂരിറ്റി

അല്ലെങ്കിൽ

പുതിയ ആശുപത്രിയിലെ ജീവനക്കാരി

10. ഒരു ഉപന്യാസം തയ്യാറാക്കുക. (ഒന്നരപ്പുറം)

വാർത്തയിലെ വളവുകൾ

അല്ലെങ്കിൽ

യക്ഷഗാനത്തിന്റെ പ്രത്യേകതകൾ

20